മന്ദബുദ്ധികളുടെ രക്ഷിതാക്കൾക്ക് സ്ഥലം മാറ്റം നൽകുന്നതിനുള്ള ഇളവുകൾ

29 (183) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മന്ദബുദ്ധികളായ ആളുകളുടെ മാതാപിതാക്കൾ, ഇതര നിയമാനുസൃത രക്ഷിതാക്കൾ എന്നിവർ സർക്കാർ ഉദ്യോഗസ്ഥരാണെങ്കിൽ അവർക്ക് സ്ഥലം മാറ്റം നൽകുന്നതിന് ഇളവ് പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(ബി) ഇളവുകൾ ഒന്നും നിലവിലില്ലെങ്കിൽ ഇത്തരത്തിലുള്ളവരുടെ സ്ഥലം മാറ്റത്തിന് അനുഭാവപൂർവ്വമായ സമീപനം കൈക്കൊള്ളുവാൻ ആവശ്യമായ നിയമനിർമ്മാണം നടത്തുവാൻ നിർദ്ദേശം നൽകുമോ;

(സി) ഇത്തരത്തിലുള്ള സർക്കാർ ജീവനക്കാർക്ക് നിലവിൽ ഏതെല്ലാം തരത്തിലുള്ള സംരക്ഷണം ലഭ്യമാകുന്നുവെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) ബന്ധപ്പെട്ട മുഴുവൻ ഉത്തരവുകളുടെയും കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 18-6-1993-ലെ സ.ഉ.(പി)നമ്പർ 33/93/ഉ.ഭ.പ.വ. പ്രകാരം, മന്ദബുദ്ധികളുടെ രക്ഷിതാക്കൾക്ക് സ്ഥലം മാറ്റത്തിന് മുൻഗണന നൽകുവാൻ ഉത്തരവായിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ബാധകമല്ല.

(സി&ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വിധവകൾക്ക് സഹായധനം

30 (184) ശ്രീ ബി. വിജയകുമാർ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ പി ടി തോമസ് :
ശ്രീ കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിധവകൾക്ക് പതിനായിരം രൂപ വീതം സഹായധനം അനുവദിക്കുന്ന ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിനുണ്ടോ ;

(ബി) ഈ പദ്ധതിയനുസരിച്ച് സംസ്ഥാനത്ത് എത്ര വിധവകൾ സഹായ ധനത്തിന് അപേക്ഷിച്ചു ;

(സി) എത്ര പേർക്ക് ഈ സഹായധനം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. കേന്ദ്ര ഗവൺമെന്റിന്റെ ദേശീയ സാമൂഹ്യ സഹായ പദ്ധതിയുടെ ഭാഗമായ ദേശീയ കുടുംബക്ഷേമ പദ്ധതി പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബത്തിൽ പ്രധാന വരുമാനം ആർജ്ജിക്കുന്ന വ്യക്തി മരണപ്പെട്ടാൽ അവകാശിക്ക് 10,000 രൂപ ഒരു പ്രാവശ്യം ധനസഹായമായി നൽകുന്ന പദ്ധതി നിലവിലുണ്ട്. ടി കുടുംബത്തിന്റെ വാർഷിക വരുമാനം 11,000 രൂപയ്ക്ക് താഴെയായിരിക്കണം. ഈ ധനസഹായം ലഭിക്കുന്നവരിൽ ഭൂരിഭാഗം പേരും വിധവകളാണ്. പ്രസ്തുത ക്ഷേമ പദ്ധതി ജില്ലാ കളക്ടർമാർ നേരിട്ടാണ് നടപ്പിലാക്കി വരുന്നത്.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

വിധവാ പെൻഷൻ

31 (186) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിധവകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) വിധവാ പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇപ്പോൾ എത്ര രൂപയാണ് പ്രതിമാസം വിതരണം ചെയ്യുന്ന വിധവാ പെൻഷൻ തുകയെന്ന് വ്യക്തമാക്കുമോ;

(ഡി) വിധവാ പെൻഷൻ കുടിശ്ശികയില്ലാതെ അതതുമാസം തന്നെ വിതരണം ചെയ്യുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ഇ) വിധവകൾക്കു വേണ്ടി പുതുതായി ഗവൺമെന്റ് എന്തെങ്കിലും ധനസഹായ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) വിധവകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനാവശ്യമായ കണക്കുകൾ നിലവിൽ ലഭ്യമല്ല.

(ബി) സംസ്ഥാനത്ത് അഗതി (വിധവ)കൾക്കുള്ള പെൻഷൻ പദ്ധതിയിൻ കീഴിൽ നിലവിൽ 251704 ഗുണഭോക്താക്കളുണ്ട്.

(സി) ഇപ്പോൾ പ്രതിമാസ പെൻഷനായി 110 രൂപ നൽകുന്നു.

(ഡി) നിലവിലുള്ള ഗുണഭോക്താക്കൾക്ക് പെൻഷൻ അതതു മാസം നൽകുന്നതിലേക്കും മാർച്ച് മാസം 2006 വരെ പെൻഷൻ മുടങ്ങാതെ നൽകുന്നതിനും ആവശ്യമായ തുക (3980.60 ലക്ഷം രൂപ) ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനായി ഇതിനകംതന്നെ എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്.

(ഇ) വിധവകൾക്കു വേണ്ടി പുതിയ ധനസഹായ പദ്ധതികളൊന്നും ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly